(ഡി) സംസ്ഥാനത്ത് പ്രചാരത്തിലുള്ള മാധ്യമങ്ങളിൽ പരസ്യം നൽകി ആയതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകളിൽനിന്നും നിർദ്ദിഷ്ട യോഗ്യതയുള്ളവരെ ഓരോ ജില്ലകളിലും പ്രത്യേകമായി ഇന്റർവ്യൂ നടത്തി അതിൽ നിന്നും യോഗ്യതയുടെയും മാനദണ്ഡത്തിന്റെയും അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി മുൻഗണനാക്രമത്തിലാണ് നിയമിക്കുന്നത്.

സംയോജിത ചെക്ക്പോസ്റ്റ്

11(*190) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സംയോജിത ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഏതെല്ലാം വകുപ്പുകളുടെ ചെക്ക് പോസ്റ്റുകളാണ് സംയോജിത ചെക്ക് പോസ്റ്റിൽ പ്രവർത്തിക്കുന്നത് ;

(ഡി) എല്ലായിടത്തും സംയോജിത ചെക്ക് പോസ്റ്റ് ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ ; വ്യക്തമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : (എ) ഉണ്ട്. സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലെ അമരവിളയിൽ വാണിജ്യനികുതി, എക്സൈസ്, മോട്ടോർ വാഹന വകുപ്പ് എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ സംയോജിത ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം 1-9-2011 മുതൽ ആരംഭിച്ചിട്ടുണ്ട്. ഈ സംവിധാനം ചെക്ക്പോസ്റ്റുകളിലെ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിനും വിവിധ വകുപ്പുകളുടെ പരിശോധനാസംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സഹായകരമാണ്.

(ബി) വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, ചരക്കുവാഹനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിർത്തിയിടുന്നത് ഒഴിവാക്കി സംയുക്ത പരിശോധനയിലൂടെ അന്തർസംസ്ഥാന ചരക്കുനീക്കം സുഗമവും വേഗത്തിലുമാക്കുക, ചരക്കുവാഹനങ്ങളുടെ നിർത്തിയിടൽമൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുക തുടങ്ങിയവയാണ്

LIBRARY ARCHIVES Kerala Legislative Assembly

സംയോജിത ചെക്ക്പോസ്റ്റുകളുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. സംയുക്ത പരിശോധനയിലൂടെ വിവിധ വകുപ്പുകളുടെ പരിശോധന ഒരേ സമയം നടക്കുമെന്നുള്ളതിനാൽ പരിശോധനാ സമയം ഗണ്യമായി കുറയ്ക്കുവാനും ആയതിനെത്തുടർന്ന് വാഹനങ്ങൾ വേഗത്തിൽ കടത്തിവിടുന്നതിന് സാദ്ധ്യമാവുകയും ചെയ്യും.

(സി) വാണിജ്യനികുതി, മോട്ടോർ വാഹന, എക്സൈസ് എന്നീ വകുപ്പുകളുടെ ചെക്ക്പോസ്റ്റുകളാണ് നിലവിൽ സംയോജിത ചെക്ക്പോസ്റ്റുകളിൽ പ്രവർത്തിക്കുന്നത്.

(ഡി) സംയോജിത ചെക്ക്പോസ്റ്റ് സംവിധാനം മറ്റ് പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പാലക്കാട് ജില്ലയിലെ വാളയാർ ചെക്ക്പോസ്റ്റിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തി സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്. കൂടാതെ മുത്തങ്ങ, ബംഗ്രമഞ്ചേശ്വരം, ആര്യങ്കാവ്, വഴിക്കടവ് എന്നീ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളെ സംയോജിത ചെക്ക്പോസ്റ്റുകളാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാന ധന ഉത്തരവാദിത്ത നിയമം

12(*191) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ധന ഉത്തരവാദിത്ത നിയമപ്രകാരം ഉദ്ദേശിച്ചിട്ടുള്ള ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഈ ലക്ഷ്യങ്ങൾ നേടാനായിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങൾ അവലംബിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 13-ാം ധനകാര്യ കമ്മീഷൻ ശിപാർശയനുസരിച്ചുള്ള 2011-ലെ കേരള ധന ഉത്തരവാദിത്ത (ഭേദഗതി) നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly